ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

223 (2539) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതു സംബന്ധിച്ച് ഹോമിയോ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) തിരൂരങ്ങാടി ഹോമിയോ ഡിസ്പെൻസറി എത്രയുംവേഗം അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)(ബി)&(സി) നടപ്പു സാമ്പത്തിക വർഷം പുതിയ ഹോമിയോ ഡിസ്പൻസറികൾ അനുവദിച്ച കൂട്ടത്തിൽ തിരൂരങ്ങാടി ഉൾപ്പെടുന്നില്ല. ഇതിനായുള്ള പ്ലാൻ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഇനി പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുമ്പോൾ ഇതും പരിശോധിക്കുന്നതാണ്.

224 (2540) മുളക്കുഴയിൽ ഹോമിയോ ഡിസ്പെൻസറി തുടങ്ങാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പഞ്ചായത്തിൽ അടിയന്തിരമായി ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)(സി)&(ഡി) ഈ സാമ്പത്തികവർഷം പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ച കൂട്ടത്തിൽ മുളക്കുഴ പഞ്ചായത്ത് ഉൾപ്പെടുന്നില്ല. ഇതിനായുള്ള പ്ലാൻഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഇനി പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമ്പോൾ മുളക്കുഴ പഞ്ചായത്തിലും അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly